# പതിനാലാം കേരള നിയമസഭ
# പത്തൊൻപതാം സമ്മേളനം
# നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 370
# 03/03/2020 ലെ മറുപടിക്ക്

## എ.ഡി.എഫ്/എസ്.ഡി.എഫ് വിനിയോഗം

| ചോദ്യം<br>ശ്രീ. എസ്. രാജേന്ദ്രൻ | | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | എ.ഡി.എഫ്/ എസ്.ഡി.എഫ് വിനിയോഗിക്കുമ്പോൾ പ്രസ്തുത ഫണ്ട് വിനിയോഗിക്കപ്പെടുന്ന സ്ഥലം/സ്ഥാപനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയോ മറ്റ് സർക്കാർ വകുപ്പുകളുടേയോ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടതാകണമെന്ന നിബന്ധന നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ; | നിയോജകമണ്ഡല ആസ്തി വികസന പദ്ധതി (LAC ADS) നടപ്പാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സ.ഉ(അച്ചടി) നം. 119/2018/ധന തീയതി 04.08.2018 പ്രകാരവും എം.എൽ.എ മാരുടെ പ്രത്യേക വികസന നിധി (MLA SDF) ക്കായുള്ള മാനദണ്ഡങ്ങൾ സ.ഉ(അച്ചടി) നം. 161/2017/ധന തീയതി 29.12.2017 പ്രകാരവും പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവുകൾ പ്രകാരം സംസ്ഥാന സർക്കാരിന്റേയോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയോ ഉടമസ്ഥതയിൽ മൂലധനസ്വഭാവമുള്ള ആസ്തികളുടെ സൃഷ്ടിക്കായാണ് ആസ്തി വികസന ഫണ്ടും പ്രത്യേക വികസന നിധിയും പ്രധാനമായും വിനിയോഗിക്കേണ്ടത്. ഈ നിബന്ധന പ്രകാരം പ്രവൃത്തി നടപ്പിലാക്കുന്ന സ്ഥലം/സ്ഥാപനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയോ മറ്റ് സർക്കാർ വകുപ്പുകളുടേയോ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടതായിരിക്കേണ്ടതാണ്. |
| (ബി) | പ്രസ്തുത ഫണ്ടുകളുടെ വിനിയോഗത്തിനുള്ള ഭരണാനുമതി ലഭ്യമാക്കുന്നതിന് പ്രവൃത്തി നടപ്പിലാക്കുന്ന സ്ഥലം സർക്കാർ/തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ളതാണെന്ന സാക്ഷ്യപത്രം ആവശ്യപ്പെടുന്നത് ഇവയുടെ വിനിയോഗത്തിനായുള്ള ഏത് മാർഗ്ഗ നിർദ്ദേശം / സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കാമോ? | |

സെക്ഷൻ ഓഫീസർ